©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2019 ഏപ്രിൽ 30<br>30th April 2019<br>1194 മേടം 16<br>16th Medam 1194<br>1941 വൈശാഖം 10<br>10th Vaisakha 1941 | നമ്പർ<br>No. | 18 |

## PART III

# Commissionerate of Land Revenue

| ക്രമ നമ്പർ | പേര് | | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|---|
| 1 | മേരി | | ഭാര്യ | 70 |
| 2 | ബെന്നി | | മകൻ | 48 |
| 3 | മിനി | | മകൾ | 46 |
| 4 | സിജി | | ,, | 44 |
| 5 | ഷിജി | | ,, | 42 |
| 6 | മനു | മരണപ്പെട്ട മകൾ ഡെയ്സിയുടെ | മകൻ | 32 |
| 7 | നീതു | ,, | മകൾ | 30 |
| 8 | നിമിത | ,, | ,, | 28 |

(മകൾ ഡെയ്സി മരണപ്പെട്ടിട്ടുള്ളതാണ്.)

പരേതനായ ടി ദേവസ്യ ആഗസ്തി എന്നയാളുടെ അനന്തരാവകാശികൾ മേൽ വിവരിച്ചവർ മാത്രമാണെന്ന് അറിവായ സാഹചര്യത്തിൽ അപേക്ഷപ്രകാരം അവകാശ സർട്ടിഫിക്കറ്റ് മേൽ വിവരിച്ചവർ പേരിൽ കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം കക്ഷികൾ ആയത് ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 30 ദിവസത്തിനകം ഈ ഓഫീസിൽ നേരിട്ട് ഹാജരായി രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞതോ രേഖാമൂലം അല്ലാത്തതോ ആയ ആക്ഷേപങ്ങൾ പരിഗണനാർഹമല്ല.

(7)

നമ്പർ എ3-2472/2019. 2019 മാർച്ച് 1.

ഇടുക്കി താലൂക്കിൽ തങ്കമണി വില്ലേജിൽ മരിയാപുരം കരയിൽ കാലാച്ചിറയിൽ വീട്ടിൽ മത്തായി 29-8-1992-ലും ടിയാൻ ഭാര്യ മറിയം 30-7-2008-ലും മരിച്ചു പോയിട്ടുള്ളതാണെന്നും വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കുന്നതിന് ഒരു അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്നും കാണിച്ച് ടിയാളുകളുടെ മകൻ ജോസ് മത്തായി ഈ താലൂക്ക് കച്ചേരി മുമ്പാകെ അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതാണ്. ടി അപേക്ഷ തങ്കമണി വില്ലേജാഫീസർ മുഖേന അവകാശ വിചാരണ നടത്തിവന്ന റിക്കാർഡുകൾ പരിശോധിച്ചതിൽ ടി മത്തായി 29-8-1992-ലും ടിയാൻ ഭാര്യ മറിയം 30-7-2008-ലും മരിച്ചുപോയതായും അവകാശികളായി താഴെ പറയുന്നവർ മാത്രമാണുള്ളതെന്നും അറിയുന്നു.

| ക്രമ നമ്പർ | പേര് | | പരേതരുമായുള്ള ബന്ധം | വയസ് |
|---|---|---|---|---|
| 1 | അഗസ്റ്റ്യൻ മത്തായി | | മകൻ | 64 |
| 2 | അന്നമ്മ ദേവസ്യ | | മകൾ | 63 |
| 3 | മാത്യു മത്തായി | | മകൻ | 60 |
| 4 | വർഗീസ്, കെ. എം. | | ,, | 58 |
| 5 | ജോസ്, കെ. എം. | | ,, | 55 |
| 6 | റോസമ്മ ജോസഫ് | പരേതനായ മകൻ കെ. എം. ജോസഫിന്റെ ഭാര്യ | | 70 |
| 7 | ബീന | ,, | മകൾ | 48 |
| 8 | ബിനോയി, കെ. ജെ. | ,, | മകൻ | 45 |
| 9 | ബിജു | ,, | ,, | 38 |
| 10 | ബിൻസൻ | ,, | ,, | 36 |

(പരേതരുടെ മകനായ കെ. എം. ജോസഫ് 31-5-2017-ൽ മരണപ്പെട്ടിട്ടുള്ളതാണ്.)

പരേതരായ ടി മത്തായി, ടിയാൻ ഭാര്യ മറിയം എന്നിവരുടെ അനന്തരാവകാശികൾ മേൽ വിവരിച്ചവർ മാത്രമാണെന്ന് അറിവായ സാഹചര്യത്തിൽ അപേക്ഷപ്രകാരം അവകാശ സർട്ടിഫിക്കറ്റ് മേൽ വിവരിച്ചവർ പേരിൽ കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം കക്ഷികൾ ആയത് ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 30 ദിവസത്തിനകം ഈ ഓഫീസിൽ നേരിട്ട് ഹാജരായി രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞതോ രേഖാമൂലം അല്ലാത്തതോ ആയ ആക്ഷേപങ്ങൾ പരിഗണനാർഹമല്ല.

താലൂക്കാഫീസ്, (ഒപ്പ്)
ഇടുക്കി. തഹശീൽദാർ.

---

## ERNAKULAM DISTRICT

### ലേലപ്പരസ്യം

നമ്പർ എ2-6614/2018. 2019 മാർച്ച് 20.

കോതമംഗലം താലൂക്ക്, കോതമംഗലം വില്ലേജ്, വെണ്ടുവഴി കരയിൽ പുതിക്കമോളേൽ പത്മനാഭൻ ഭാര്യ ദേവകി എന്നവരുടെ താമസവീടിന് ഭീഷണിയായി കുത്തകപ്പാട്ട വസ്തുവിൽ നിൽക്കുന്ന ഒരു തേക്കു മരം മുറിച്ചു മാറ്റി ഭീഷണി ഒഴിവാക്കുന്നതിന് 16-5-2019-ാം തീയതി പകൽ 11 മണിക്ക് കോതമംഗലം വില്ലേജാഫീസിൽ വച്ച് റവന്യൂ ഡിവിഷണൽ ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ₹ 1,500 നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതും ഏറ്റവും കൂടിയ തുകയ്ക്ക് ലേലം വിളിക്കുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിച്ച് ലേലം സ്ഥിരപ്പെടുത്തി ഉത്തരവാകുന്ന മുറയ്ക്ക് ലേലവസ്തുക്കൾ വിട്ടുനൽകുന്നതുമാണ്. ലേലം കഴിഞ്ഞാൽ ഉടൻ തന്നെ ലേലത്തുകയുടെ മൂന്നിലൊന്ന് നിരതദ്രവ്യം ഉൾപ്പെടെ അടയ്ക്കേണ്ടതാണ്. ലേലം കഴിഞ്ഞ് 30 ദിവസത്തിനുള്ളിൽ ബാക്കി തുക, ജി. എസ്. ടി., വനവികസന നികുതി, അനുബന്ധ ചെലവുകളും അടയ്ക്കേണ്ടതാണ്. സാധാരണ സർക്കാർ ലേലം സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

### തടി വിവരം

| ക്രമ നമ്പർ | ഇനം, ക്ലാസ് | ജി. ബി. എച്ച്. (സെ. മീ.) | തടി (ക്യൂബിക് മീറ്റർ) | റിമാർക്സ് |
|---|---|---|---|---|
| 1 | തേക്ക് II D | 148 | 0.834 | പൊത്ത്, കമ്പ്, കേട്, വളവ്, വിറകില്ല |

റവന്യൂ ഡിവിഷണൽ ആഫീസ്, (ഒപ്പ്)
മൂവാറ്റുപുഴ. റവന്യൂ ഡിവിഷണൽ ഓഫീസർ.